# പതിനാലാം കേരളനിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*316 | 22/08/2017-ൽ മറുപടിക്ക്

## ഐ.ടി.വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് ഇളവുകൾ

**ചോദ്യം**

ശ്രീ.ആർ. രാജേഷ്
,, എം. മുകേഷ്
,, ഡി.കെ. മുരളി

**മറുപടി**

ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് ഐ.ടി. വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് സംരംഭകർക്കും നിക്ഷേപകർക്കും ഇളവുകൾ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതനുസരിച്ച് ഐ.ടി. പാർക്കുകളിലെ യൂണിറ്റുകൾക്ക് എന്തെല്ലാം ഇളവുകളാണ് നൽകുകയെന്ന് വിശദമാക്കാമോ; | എ) | ഉണ്ട്. ലോ-ടെൻഷൻ (LT), ഹൈ-ടെൻഷൻ (HT) വിഭാഗങ്ങളിലെ വ്യവസായങ്ങൾക്കുള്ള വിദ്യുച്ഛക്തി നിരക്കിലുള്ള ഇളവുകൾ, കെട്ടിടവാടകയിലുള്ള 3 മാസത്തെ ഇളവ്, സ്റ്റാർട്ട്അപ്പ് നൂതന ആശയങ്ങൾക്കുള്ള സഹായം, സ്റ്റാന്റേർഡ് നിക്ഷേപ സബ്സിഡി, സ്റ്റാർട്ട്അപ്പ് കമ്പനികൾക്കുള്ള സീഡ് ധനസഹായം, കേരളം കേന്ദ്രീകരിച്ചുള്ള ആൾട്ടർനേറ്റ് ഇൻവെസ്റ്റ്മെന്റ് ഫണ്ട്, കെ.എസ്.ഐ.ഡി.സി, കെ.എഫ്.സി. എന്നീ സ്ഥാപനങ്ങളുടെ പ്രാരംഭ നിക്ഷേപ സഹായം, സ്റ്റാർട്ട്അപ്പ് കമ്പനികൾക്ക് തുടർന്നു ലഭിക്കുന്ന സ്കെയിലപ്പുകൾ തുടങ്ങി നിരവധി ഇളവുകൾ നൽകാൻ ഉദ്ദേശിക്കുന്നു. ഇതിനായുള്ള നിർദ്ദേശങ്ങൾ |

| | | | |
|---|---|---|---|
| | | | പുതിയ ഐ.ടി. നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | സർക്കാരിന്റെ ഐ.ടി. പാർക്കുകളെ സംയോജിപ്പിച്ച് 'കേരള ഐ.ടി. പാർക്ക്സ്' എന്ന പേരിൽ ഒരു കുടക്കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. വിവിധ ടെക്നോളജി പാർക്കുകൾ എന്ന രീതി മാറി കേരളാ ഐ.ടിയ്ക്ക് ഒറ്റ ബ്രാന്റ് എന്നുള്ളത് നടപ്പിലാക്കും. ഇതിനായി ടെക്നോപാർക്ക് തിരുവനന്തപുരം, ഇൻഫോപാർക്ക് കൊച്ചി, സൈബർപാർക്ക് കോഴിക്കോട് തുടങ്ങിയ പാർക്കുകൾ "കേരളാ ഐ.ടി." എന്ന ഒരു ഒറ്റ ബ്രാന്റിൽ നിലനിർത്തി എല്ലാ പാർക്കുകളുടേയും പ്രവർത്തനങ്ങൾ ഏകീകരിക്കുകയും, പാർക്കുകളിലെ റിസോഴ്സുകൾ, മാനവശേഷി, മറ്റു വരുമാന ഉപാധികൾ എന്നിവ ഒരു കുടക്കീഴിൽ കൊണ്ടു വന്ന് അവയെ ക്രിയാത്മകമായി പ്രവർത്തിപ്പിക്കുവാനും കൂടുതൽ കാര്യക്ഷമമാക്കുവാനും പദ്ധതിയുണ്ട്. |
| സി) | ഈ മേഖലയിൽ സർക്കാരിന് ഉപദേശം നൽകാൻ ഉപദേശക ബോർഡ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | സി) | ഉണ്ട്. |
| ഡി) | സംസ്ഥാനത്ത് നൂറ് ശതമാനം ഇലക്ട്രോണിക് സാക്ഷരത കൈവരിക്കാനും ഇൻഫർമേഷൻ കമ്മ്യൂണിക്കേഷൻ ടെക്നോളജിയുടെ നേട്ടം എല്ലാ മേഖലകളിലും പ്രയോജനപ്പെടുത്താനും എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | ഡി) | ഈ ഉദ്ദേശ്യത്തോടെയാണ് ഐ.ടി. നയം 2017 രൂപീകരിച്ചിരിക്കുന്നത്. ഇലക്ട്രോണിക്സ് വിവര സാങ്കേതിക വിദ്യ, ടെലികോം, വിദ്യാഭ്യാസം, ജനസേവന മേഖലകൾ, ഡിജിറ്റൽ-ഇലക്ട്രോണിക്സ് വിവര-വിനിമയ ശൃംഖലകൾ, ശാസ്ത്ര സാങ്കേതിക മേഖലകൾ, മാനവശേഷി വികസനം, |

| | | | |
|---|---|---|---|
| | | | ഇ-ഗവേണൻസ്, വിവരാധിഷ്ഠിത ഡിജിറ്റൽ സാങ്കേതിക വിദ്യകളുടെ വ്യാപനം, ഉപയോഗം, പരിശീലനം, അത്തരം സംരംഭങ്ങളിലുള്ള നിക്ഷേപം, നൂതനാശയങ്ങൾ, സംരംഭകത്വം എന്നിവ പരമാവധി പ്രോത്സാഹിപ്പിക്കുകയും അതുവഴി നേരിട്ടും അല്ലാതെയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക തുടങ്ങി നിരവധി പദ്ധതികൾ വികസിപ്പിക്കുന്നതിനും പുതിയവ ആവിഷ്ക്കരിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**